# അർബുദ ബോധവത്കരണത്തിന് ഇന്തോ-ബ്രിട്ടീഷ് കൂട്ടായ്മ

## രാജ്യത്തുടനീളം രോഗനിർണയ ക്യാമ്പുകൾ



ഇന്തോ-ബ്രിട്ടീഷ് കൂട്ടായ്മയിൽ നടക്കുന്ന അർബുദ ബോധവത്കരണ യോഗത്തിൽ ഡോ. പൃഥ്വിമോഹൻദാസ് സംസാരിക്കുന്നു. ലണ്ടൻ യൂണിവേഴ്സിറ്റി പ്രൊഫസർ ലോഡ് കാക്കർ സമീപം

ചെന്നൈ: അർബുദരോഗം ബാധിച്ചവർക്ക് ആശ്വാസം നല്കുന്ന ഇന്ത്യൻ-ബ്രിട്ടീഷ് കൂട്ടായ്മയ്ക്ക് ചെന്നൈയിൽ തുടക്കമായി. രണ്ട് ദിവസമായി നടക്കുന്ന കൂട്ടായ്മയിൽ അർബുദ ചികിത്സകരും ഈ മേഖലയിൽ പഠനം നടത്തുന്നവരുമായ നൂറ് ഡോക്ടർമാർ പങ്കെടുക്കുന്നുണ്ട്. രോഗനിർണയത്തിനും ചികിത്സയ്ക്കും ഉപകരിക്കുന്ന നൂതന ഉത്പന്നങ്ങളും ചികിത്സാ സംവിധാനങ്ങളും ചടങ്ങിൽ പരിചയപ്പെടുത്തും. ഇന്ത്യയിൽ നിന്നും ബ്രിട്ടനിൽനിന്നും അമ്പതുവീതം ഡോക്ടർമാരാണ് പങ്കെടുക്കുന്നത്.

രോഗം തിരിച്ചറിയാനെടുക്കുന്ന കാലതാമസമാണ് പലപ്പോഴും രക്ഷപ്പെടാനുള്ള സാധ്യതകൾക്ക് മങ്ങലേല്പിക്കുന്നതെന്ന് കൂട്ടായ്മ ഉദ്ഘാടനം ചെയ്ത ലണ്ടൻ യൂണിവേഴ്സിറ്റി കോളേജ് പ്രൊഫസർ ലോഡ് കാക്കർ പറഞ്ഞു. ആരോഗ്യപരിപാലന മേഖലയിൽ ഇന്ത്യയും ബ്രിട്ടനും തമ്മിലുള്ള സഹകരണത്തിന്റെ ഭാഗമാണ് ഡോക്ടർമാരുടെ കൂട്ടായ്മ സംഘടിപ്പിക്കപ്പെട്ടത്. മൂന്ന് ഘട്ടങ്ങളായിട്ടാണ് കൂട്ടായ്മ നടക്കുന്നത്. ഡോക്ടർമാർ സ്വന്തം പരിശീലന അനുഭവങ്ങൾ തുറന്ന് പറഞ്ഞ് സംസാരിക്കുന്നതാണ് ആദ്യഘട്ടം. രണ്ടാംഘട്ടത്തിൽ ഗ്രൂപ്പ് ചർച്ചകളിലൂടെ പരസ്പരം ആശയങ്ങൾ കൈമാറി വൈവിധ്യമാർന്ന ചികിത്സാ രീതികൾ ഡോക്ടർമാർ പങ്കുവക്കും, മൂന്നാം ഘട്ടത്തിലാണ് നൂതന ഉപകരണങ്ങളെ പരിചയപ്പെടുത്തുക.

ഗ്രാമീണരായ ജനങ്ങൾ രോഗത്തിന്റെ ഗൗരവത്തെക്കുറിച്ച് അറിവില്ലാത്തവരാണെന്നും അവർക്കിടയിൽ ബോധവത്കരണം നടത്തി തുടക്കത്തിൽതന്നെ രോഗത്തിന് ചികിത്സ തേടാനുള്ള സാഹചര്യം ഒരുക്കുകയുമാണ് ഇന്തോ-ബ്രിട്ടൻ കൂട്ടായ്മ ആദ്യം നടത്തുക. നഗരവാസികളുടെ ജീവിതരീതിയും ഗ്രാമീണരുടെ അടിസ്ഥാന സൗകര്യക്കുറവുകളും രോഗസാധ്യത ഉയർത്തുന്നതായി ഐ.ബി.എച്ച്.ഐ. സെക്രട്ടറി പൃഥ്വി മോഹൻദാസ് പറഞ്ഞു. വികസിതരാജ്യങ്ങൾ രോഗലക്ഷണങ്ങൾ ആദ്യഘട്ടത്തിൽതന്നെ തിരിച്ചറിഞ്ഞ് ചികിത്സിച്ച് കാൻസറിനെ പിടിച്ചുകെട്ടുമ്പോൾ നമ്മുടെ നാട്ടിൽ രോഗബാധിതരുടെ എണ്ണം നാൾക്കുനാൾ കൂടിവരികയാണ് - അദ്ദേഹം പറഞ്ഞു.

അർബുദരോഗത്തിന്റെ ഒന്നും രണ്ടും ഘട്ടത്തിൽ രോഗം തിരിച്ചറിഞ്ഞാൽ ചികിത്സിച്ച് ഭേദമാക്കാമെന്ന് വിദഗ്ധർ അവകാശപ്പെട്ടു. 12 ലക്ഷം പേരാണ് ഓരോ വർഷവും ഇന്ത്യയിൽ കാൻസർ രോഗത്തിന്റെ പിടിയിലകപ്പെടുന്നത്. രോഗം മുൻകൂട്ടി തിരിച്ചറിയാനുള്ള സ്ക്രീനിങ് ക്യാമ്പുകൾ സംഘടിപ്പിക്കാനാണ് യോഗത്തിൽ ഉയർന്നുവന്ന പ്രധാന നിർദേശം. ഗ്രാമങ്ങളും നഗരങ്ങളും കേന്ദ്രീകരിച്ച് രോഗനിർണയ ക്യാമ്പുകൾ ധാരാളമായി നടത്താൻ കൂട്ടായ്മ തിരുമാനിച്ചു. രോഗനിർണയ ക്യാമ്പുകൾക്കു പുറമെ രോഗത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കാൻ നഴ്സുമാർ, വിദ്യാർഥികൾ, സന്നദ്ധസംഘടനകൾ എന്നിവയുമായി ചേർന്ന് പരിപാടികൾ ആസൂത്രണം ചെയ്യാനും ധാരണയായി.